# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4499** **04.02.2014- ൽ മറുപടിക്ക്**

**പാലക്കാട് ജില്ലയിലെ വരൾച്ച**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | 2014 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ വരൾച്ച പ്രതീക്ഷിക്കുന്നുണ്ടോ; കാലാവസ്ഥ വ്യതിയാന വകുപ്പിൽ നിന്നും ഇത്തരത്തിലുള്ള മുന്നറിയിപ്പു ലഭിച്ചിട്ടുണ്ടോ; | (എ) | പാലക്കാട് ജില്ലയിൽ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ വരൾച്ച പ്രതീക്ഷിക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാന വകുപ്പിൽ നിന്ന് ഇത്തരത്തിലുള്ള മുന്നറിയിപ്പുകൾ ലഭിച്ചിട്ടില്ല. |
| (ബി) | വരൾച്ച നേരിടുന്നതിന് പാലക്കാട് ജില്ലാഭരണകൂടം എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (ബി) | രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ആവശ്യപ്പെടുന്ന ശുദ്ധജല വിതരണ പദ്ധതികൾക്ക് ആവശ്യകതയനുസരിച്ച് അംഗീകാരം നൽകുന്നതിനും നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | 2013 വർഷത്തിൽ എത്ര ശുദ്ധജല പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര എണ്ണം നടപ്പിലാക്കി; 31-12-2013 വരെ എന്തു തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ? | (സി) | 2013 കലണ്ടർ വർഷത്തിൽ ആകെ 646 കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകി. അതിൽ 165 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു. 31.12.2013 വരെ ആകെ 11,49,76,691/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ